## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** | **28-01-2026 - ൽ മറുപടിയ്ക്ക്**

## വൈദ്യുതി വിതരണ ശൃംഖല ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി ദെലീമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വൈദ്യുതി വിതരണ ശൃംഖല ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ഗുണമേന്മയുള്ളതും തടസ്സരഹിതവുമായ വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വൈദ്യുതി വിതരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിതരണ ശൃംഖലയുടെ വികസനത്തിനായി 2018 മുതൽ 2022 ജൂൺ വരെ നടപ്പിലാക്കിയ പദ്ധതിയാണ് ദ്യുതി 1. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ ദ്യുതി 2 ഉം Revamped Distribution Sector Scheme (RDSS) ഉം ആണ്.<br><br>2018 മുതൽ 2022 ജൂൺ വരെ നടപ്പിലാക്കിയ ദ്യുതി 1 പദ്ധതിയിൽ ലൈൻ നിർമ്മാണം, standardization പ്രവൃത്തികൾ, ട്രാൻസ്ഫോർമർ നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾക്കായി 4036.30 കോടി രൂപയുടെ പദ്ധതിരേഖ തയ്യാറാക്കുകയും 3765 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. വിതരണ രംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പവരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് ദ്യുതി 2. ദ്യുതി 2.0 ൽ 4717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്. ഇതു കൂടാതെ മലപ്പുറം (411 കോടി), കാസർഗോഡ് (394 കോടി), ഇടുക്കി (218 കോടി) ജില്ലകളിലെ വിതരണ മേഖലയുടെ വികസനത്തിനായി ആകെ 1023 കോടി രൂപയുടെ ദ്യുതി സ്പെഷ്യൽ പാക്കേജും കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. ദ്യുതി 2 പദ്ധതിയിൽ ഇതുവരെ |

| | | | |
|---|---|---|---|
| | | | 2551 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് മുൻപാകെ സമർപ്പിച്ച 2997.8 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. ഭൂഗർഭ കേബിളുകൾ, എ ബി സി കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് RDSS പദ്ധതിയിൽ മുൻഗണന നൽകിവരുന്നു. മേല്പറഞ്ഞ പ്രവൃത്തികൾ എല്ലാം തന്നെ വർക്ക് ഓർഡർ നൽകുകയും 32.5% സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, കൊല്ലം, കണ്ണൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് SCADA, റിംഗ് മെയിൻ സംവിധാനം വ്യാപിപ്പിക്കുന്ന പ്രവൃത്തികൾക്കും അംഗീകാരം ലഭിക്കുകയും പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>വിദൂരമായി സ്ഥാപിച്ചിട്ടുള്ള ഒറ്റപ്പെട്ട RMU-കൾക്കായി ഒരു റിമോട്ട് ഓപ്പറേറ്റിംഗ് സപ്പോർട്ട് നൽകാനുള്ള സംവിധാനം, വൈദ്യുതി തടസ്സത്തിന്റെ സമയ ദൈർഘ്യം കുറയ്ക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കി "Communicable Fault Pass Detector"എന്ന നൂതന സംവിധാനം, വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും, വൈദ്യുതി തടസങ്ങൾ കുറയ്ക്കുന്നതിനും, സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി 3 ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവയും നടപ്പിലാക്കി വരുന്നു. |
| (ബി) | സ്മാർട്ട് ഗ്രിഡ് എന്ന ലക്ഷ്യം മുൻനിർത്തി ഈ മേഖലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്മാർട്ട് ഗ്രിഡ് എന്ന ലക്ഷ്യം മുൻനിർത്തി വിതരണമേഖലയിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ - സ്മാർട്ട് മീറ്ററുകളുടെ സ്ഥാപിക്കൽ, **Geographic Information System (GIS), Network Analysis (NA), Enterprise Asset Management (EAM)** സംവിധാനങ്ങൾ, SCADA, റിങ് മെയിൻ സംവിധാനം തുടങ്ങിയവ RDSS പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.<br><br>സ്മാർട്ട് മീറ്റർ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 3 ലക്ഷത്തോളം മീറ്ററുകൾ (സർക്കാർ ഉപഭോക്താക്കൾ, ഹൈ ടെൻഷൻ ഉപഭോക്താക്കൾ |

ട്രാൻസ്ഫോർമർ, ഫീഡർ, ബോർഡർ മീറ്ററുകൾ എന്നിവ) സ്മാർട്ട് മീറ്ററാക്കി മാറ്റാനാണ് തീരുമാനിച്ചത്. ഈ പദ്ധതിയിൽ 2026 ജനുവരി 20 വരെ 1,71,285 മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു. കേരളത്തിലെ എല്ലാ 11 കെ.വി., 22 കെ.വി. ഫീഡറുകളിലെ മീറ്ററുകളും സ്മാർട്ട് മീറ്ററായി മാറി. സോളാർ, ടി.ഒ.ഡി., ഇലക്ട്രിക് vehicle പോലുള്ള പ്രത്യേക വിഭാഗങ്ങൾ ഒഴികെ ഭൂരിഭാഗം സർക്കാർ ഓഫീസുകളിലും സ്മാർട്ട് മീറ്റർ സ്ഥാപിച്ചു കഴിഞ്ഞു. ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകളും ഹൈ ടെൻഷൻ ഉപഭോക്താക്കളുടെ മീറ്ററുകളും സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.

രണ്ടാം ഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയുടെ ടെണ്ടർ നടപടികൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 35 ലക്ഷം ഉപഭോക്താക്കളുടെ മീറ്ററുകൾ സ്മാർട്ട് മീറ്ററായി മാറുന്നതും 15 ലക്ഷത്തോളം പുതിയ കണക്ഷനുകൾ സ്മാർട്ട് മീറ്റർ ഉപയോഗിച്ച് നൽകുന്നതും ഉൾപ്പെടെ 50 ലക്ഷം മീറ്ററുകൾ സ്ഥാപിക്കുന്നതിനാണ് ടെണ്ടർ ചെയ്യുന്നത്. പ്രതിമാസം 150 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്ന ഉപഭോക്താക്കൾ, പ്രതിമാസ ബില്ലിങ്ങ് ഉപഭോക്താക്കൾ, സോളാർ ഉപഭോക്താക്കൾ, സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ മുതലായവരാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുന്നത്. 2028 മെയ് മാസത്തോടെ ഈ ഘട്ടം പൂർത്തിയാക്കാനാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്.

കേന്ദ്ര സർക്കാർ നിർദ്ദേശിച്ച ടോട്ടക്സ് മാതൃകയേക്കാൾ ചെലവ് കുറഞ്ഞ രീതിയിൽ ബദൽ മാതൃക തയ്യാറാക്കിയാണ് സ്മാർട്ട് മീറ്റർ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്.

വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, കൊല്ലം, കണ്ണൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് SCADA, റിങ് മെയിൻ സംവിധാനം വ്യാപിപ്പിക്കുന്ന പ്രവൃത്തികൾക്ക് അംഗീകാരം ലഭിക്കുകയും ₹339.98 കോടി രൂപയുടെ കരാർ ഒപ്പുവെയ്ക്കുകയും ചെയ്തിട്ടുണ്ട്. 2028 മാർച്ചിന് മുൻപായി പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

RDSS IT/OT പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വൈദ്യുതി വിതരണ സംവിധാനത്തിന്റെ സമഗ്ര ഡിജിറ്റൽ പരിവർത്തനം ലക്ഷ്യമിട്ട് Geographic Information System (GIS),

Network Analysis (NA), Enterprise Asset Management (EAM) എന്നീ ആപ്ലിക്കേഷനുകൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ IT Implementation Agency ആയി M/s SCS Tech India Private Limited-നെ തെരഞ്ഞെടുത്തിട്ടുണ്ട്.

GIS പദ്ധതി നടപ്പിലാക്കുന്നതിലൂടെ, സംസ്ഥാനത്തെ എല്ലാ വിതരണ സെക്ഷൻ ഓഫീസുകളിലെയും സബ്സ്റ്റേഷനിൽ നിന്ന് ഉപഭോക്തൃ പോസ്റ്റുകൾ വരെ ഉൾപ്പെടുന്ന എല്ലാ വൈദ്യുതി ആസ്തികളുടെയും സമഗ്ര സർവേ നടത്തി ജിയോ-ടാഗിംഗ് നടത്തും. 3 മീറ്റർ കൃത്യതയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കുന്ന ഡാറ്റ Google Maps ബേസ് മാപ്പിൽ വിവിധ GIS ലെയറുകളായി രേഖപ്പെടുത്തുന്നതാണ്. GIS, കെ.എസ്.ഇ.ബി.എൽ.-ലെ മറ്റു ഐടി സംവിധാനങ്ങളുമായി സംയോജിപ്പിച്ച്, കൃത്യമായ നെറ്റ്‌വർക്ക് ഡാറ്റ ലഭ്യമാക്കുന്നതിനും, ഔട്ടേജ് മാനേജ്മെന്റും ഉപഭോക്തൃ സേവനവും മെച്ചപ്പെടുത്തുന്നതിനും സഹായകരമാകുന്നതാണ്.

Network Analysis (NA) സംവിധാനത്തിലൂടെ ലോഡ് ഫ്ലോ അനാലിസിസ്, നെറ്റ്‌വർക്ക് പ്ലാനിംഗ്, ഓവർലോഡിംഗ് കണ്ടെത്തൽ, വിതരണ ശൃംഖല പുനഃക്രമീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. GIS-യുമായി സംയോജിപ്പിച്ച NA സംവിധാനം വൈദ്യുതി ശൃംഖലയുടെ കാര്യക്ഷമമായ ആസൂത്രണത്തിനും പ്രവർത്തന മാനേജ്മെന്റിനും സഹായകരമാകും.

Enterprise Asset Management (EAM) സംവിധാനത്തിലൂടെ കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ആസ്തികളുടെയും പ്രവർത്തന കാലയളവിൽ അവയെ ട്രാക്ക് ചെയ്ത് നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. Work Force Management (WFM) ഉൾപ്പെടുന്ന ഈ സംവിധാനം, scheduled, preventive, predictive, ബ്രേക്ക്ഡൗൺ മെയിന്റനൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും, ജീവനക്കാരുടെ വിന്യാസം, ഔട്ടേജ് സമയത്തെ പ്രവർത്തനങ്ങൾ എന്നിവ മെച്ചപ്പെടുത്തുകയും ചെയ്യുന്നതുമാണ്. QR/Barcode/RFID അടിസ്ഥാനത്തിലുള്ള ആസ്തി തിരിച്ചറിയൽ വഴിയും മറ്റ് ഐടി സംവിധാനങ്ങളുമായുള്ള സംയോജനത്തിലൂടെയും മനുഷ്യ ഇടപെടൽ കുറയ്ക്കാൻ സാധിക്കുന്നതാണ്.

ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ വൈദ്യുതി വിതരണ ശൃംഖലയുടെ വിശ്വാസ്യത വർധിപ്പിക്കുന്നതിനും

| | | | |
|---|---|---|---|
| | | | പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും, ആസ്തി മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിനും, ഉപഭോക്തൃ സേവന നിലവാരം ഉയർത്തുന്നതിനും സഹായകരമാകും. |
| (സി) | ഇതിന്റെ ഭാഗമായി സ്കാഡ-എ. ഡി. എം. എസ്. (സൂപ്പർവൈസറി കൺട്രോൾ ആൻഡ് ഡാറ്റ അക്വിസിഷൻ - അഡ്വാൻസ്ഡ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം) എന്ന നൂതനപദ്ധതി സംസ്ഥാനത്ത് നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>വൈദ്യുതി വിതരണ ശൃംഖല കൂടുതൽ വിശ്വസനീയവും കാര്യക്ഷമവും ഉപഭോക്തൃ സൗഹൃദവുമാക്കുന്നതിനായി RDSS SCADA സ്കീമിന്റെ ഭാഗമായി കൊല്ലം, തൃശ്ശൂർ, കണ്ണൂർ നഗരങ്ങളിലെ വൈദ്യുതി വിതരണ ശൃംഖലയിൽ SCADA-DMS സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് 339.98 കോടി രൂപയുടെ കരാർ ഒപ്പ് വച്ചിട്ടുണ്ട്. 2028 മാർച്ചിന് മുൻപായി പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്ന് 60% ഗ്രാന്റ് (ഏകദേശം 180 കോടി രൂപ ) ലഭ്യമാകുന്നതാണ്.<br><br>ഈ പദ്ധതിയുടെ ഭാഗമായി 24 സബ്സ്റ്റേഷനുകളിൽ RTU-കളും 1915 എണ്ണം FRTU ഇന്റഗ്രേറ്റഡ് RMU-കളും (തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വകുപ്പ് ഉൾപ്പെടെ) സ്ഥാപിക്കുന്നതാണ്. ഇതുവഴി 24 സബ്സ്റ്റേഷനുകളിലെ 11 കെ.വി. ഫീഡറുകൾ, RMU-കൾ എന്നിവയുടെ പ്രവർത്തനം തത്സമയം നിരീക്ഷിക്കാനും നിയന്ത്രിക്കാനും സാധിക്കും.<br><br>വൈദ്യുതി ലൈനുകളിൽ തകരാർ സംഭവിക്കുന്ന സാഹചര്യത്തിൽ, അത് ഉടൻ കണ്ടെത്തുന്നതിനും FMSR (Fault Management and System Restoration) സാങ്കേതിക വിദ്യ ഉപയോഗിച്ച് തകരാറുള്ള ഭാഗം മാത്രം വേർതിരിച്ച് മറ്റ് പ്രദേശങ്ങളിൽ വൈദ്യുതി വേഗത്തിൽ പുന:സ്ഥാപിക്കുന്നതിനും ഈ സംവിധാനങ്ങൾ സഹായകരമായിരിക്കും.<br><br>പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട നഗരങ്ങളിൽ കൺട്രോൾ സെന്ററുകളും എറണാകുളത്ത് ഒരു ഡിസാസ്റ്റർ റെപ്ലിക്ക റിക്കവറി സെന്ററും (DRR) സ്ഥാപിക്കുന്നതാണ്. സബ്സ്റ്റേഷനുകളെയും വിതരണ ശൃംഖലയെയും SCADA സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനായി ആവശ്യമായ ഉപകരണങ്ങളും ആശയ വിനിമയ സംവിധാനങ്ങളും സജ്ജമാക്കി വരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | വേനൽക്കാലത്തെ അമിതമായ വൈദ്യുതി ഉപയോഗം മൂലം ട്രാൻസ്ഫോർമറുകളിൽ ഉണ്ടാകുന്ന ക്രമാതീതമായ ലോഡ് നിയന്ത്രിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ക്രമാതീതമായി ഉണ്ടാകുന്ന ലോഡ് വർദ്ധനവ് നേരിടുന്നതിനായുള്ള പ്രവർത്തികൾ ദ്യുതി 2 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി കൊണ്ടിരിക്കുന്നു. 2024-ലെ വൈദ്യുതി ഉപഭോഗത്തിലുണ്ടായ അമിതമായ വർദ്ധനവ് കണക്കിലെടുത്ത്, ദ്യുതി 2, RDSS പദ്ധതികളിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളോടൊപ്പം അതാത് പ്രദേശത്തെ സാഹചര്യം മുൻനിർത്തി വേനൽക്കാലത്തെ അധിക വൈദ്യുതി ഉപഭോഗം നേരിടുന്നതിനായുള്ള കൂടുതൽ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഫീൽഡ് ഓഫീസർമാർക്ക് അവസരം നൽകുകയും അത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്തിരുന്നു.<br><br>2024-ൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗം മൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർദ്ധനവ് കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജ്ജാവശ്യകത നിറവേറ്റാൻ ദ്യുതി 2 പദ്ധതി പര്യാപ്തമല്ലാത്ത സ്ഥിതി വിശേഷം ഉണ്ടാക്കി. പ്രധാനമായിട്ടും കാസർഗോഡ്, മലപ്പുറം, ഇടുക്കി തുടങ്ങിയ 3 ജില്ലകളിലാണ് ഇങ്ങനെ കണ്ടെത്തിയത്. ഈ ജില്ലകൾക്കായി ദ്യുതി 2.0 പദ്ധതിയിൽ 1023.04 കോടിയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയുണ്ടായി.<br><br>ലോഡ് വർദ്ധനവ് അഭിമുഖീകരിക്കുന്നതിനായി, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലായി, ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ലൈൻ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, ലൈനുകളുടെ റീ കണ്ടക്ടറിങ് ഉൾപ്പെടെ 1033 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഇലക്ട്രിക് വാഹനങ്ങൾ, എയർ കണ്ടീഷനിംഗ് സംവിധാനങ്ങൾ, Solar Distributed Generation തുടങ്ങിയവ വർധിക്കുന്ന സാഹചര്യത്തിൽ, LT നെറ്റ്‌വർക്കുകളിൽ വരുന്ന ആവശ്യകതയിൽ വലിയ വർധനവ് പ്രതീക്ഷിക്കപ്പെടുന്നു. ഇത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സൗകര്യവും ശേഷിയും 160 kVA ട്രാൻസ്ഫോർമറുകൾ നൽകുന്നു. പ്രാദേശിക തലത്തിൽ വൈദ്യുതി ആവശ്യകതയിൽ തുടർച്ചയായ വർധനയും ഉപഭോഗരീതികളിലെ മാറ്റങ്ങളും |

| | | | |
|---|---|---|---|
| | | | പരിഗണിച്ച്, നിലവിൽ പ്രചാരത്തിലുള്ള 100 kVA സ്റ്റാൻഡേർഡിന് പകരമായി 160 kVA വിതരണ ട്രാൻസ്ഫോമറിന് പൊതുവായ സ്റ്റാൻഡേർഡ് ആയി സ്വീകരിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്.<br><br>ലോഡ് വർദ്ധനവ് കൈകാര്യം ചെയ്യുന്നതിനായി, ട്രാൻസ്ഫോർമറുകൾ (ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതുൾപ്പെടെ) സ്ഥാപിക്കുന്ന പ്രവൃത്തികൾ, 2026-27 വരെ നടപ്പിലാക്കുന്നതിനായി, ദ്യുതി 2 പദ്ധതിയിൽ 4336 എണ്ണവും RDSS പദ്ധതിയിൽ, 1802 എണ്ണവും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ